DESPATCHED
25/05/2020
3·3·20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1802(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.12876/എസ്.ഐ.സി-ജി 5/2016)

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീ. ഉല്ലാസ് കുമാർ,
ആനന്ദ് നിവാസ്, പി.ഒ. അരക്കിണർ,
കോഴിക്കോട് -28 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   SAIL-SCL കേരള ലിമിറ്റഡ്, സ്റ്റീൽ നഗർ,
   കൊളത്തറ പി.ഒ., കോഴിക്കോട്-673 655
2. അപ്പീൽ അധികാരി,
   SAIL-SCL കേരള ലിമിറ്റഡ്, സ്റ്റീൽ നഗർ,
   കൊളത്തറ പി.ഒ., കോഴിക്കോട്-673 655 } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | – |
| മറുപടി ലഭ്യമാക്കിയ തീയതി | 29.07.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.08.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.09.2016 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 14.10.2016 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20.10.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.11.2016 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 01.12.2016 |
| ഹിയറിംഗ് തീയതി & സ്ഥലം | 02.03.2020 & വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഒന്നാം എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | <br>ഹാജരായി<br>ഹാജരായി (പ്രതിനിധി) |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഉല്ലാസ് കുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി നൽകിയില്ലെന്നും ആയത് വിവരാവകാശ നിയമത്തിലെ 8(1) (ഡി) വകുപ്പു പ്രകാരം നൽകാനാകില്ല എന്നാണ് അറിയിച്ചതെന്നും ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് പ്രകാരം രണ്ടു ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് കൂടുതലായി നൽകിയതെന്നും മറ്റു വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. SCL-SAIL Joint Venture Agreement എത്ര ശതമാനം ഷെയർ കേരള ഗവൺമെന്റിനും SAIL നും ഉണ്ടെന്നും

ii. ക്ലറിക്കൽ ജോലിയുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയെന്നും

iii. വർക്കർ ജോലിയുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണം എത്രയെന്നും

iv. ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയെന്നും

v. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം എത്രയെന്നും മറ്റുമായി 31 ഇനങ്ങളിലായുള്ള വിവരങ്ങളാണ്

ടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട എല്ലാ ഇനങ്ങൾ സംബന്ധിച്ചും വിവരങ്ങൾ നൽകിയിട്ടില്ല എന്നും അകാരണമായ നിയമ തടസ്സം ഉന്നയിച്ച് വിവരങ്ങൾ നൽകാതിരിക്കുകയാണെന്നും മറ്റുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ, ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ രണ്ടിനങ്ങൾ സംബന്ധിച്ച് വിവരം നൽകുകയും മറ്റിനങ്ങളിലായുള്ള വിവരങ്ങൾ വിവരാവകാശ നിയമത്തിലെ 8(1)(ഡി) വകുപ്പു പ്രകാരം നൽകാനാകില്ല എന്നറിയിക്കുകയും ചെയ്തു.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന് നൽകാതിരുന്ന വിവരങ്ങൾ ബന്ധപ്പെട്ട മൂന്നാം കക്ഷിയുടെ മത്സരാധിഷ്ടിത സ്ഥാനത്തിന് ഹാനികരമായേക്കും എന്ന ഉത്തമ വിശ്വാസത്തിലാണ് ഏതാനും ചോദ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകാതിരുന്നതെന്നും ഇക്കാര്യം ബന്ധപ്പെട്ട കക്ഷിയെ അറിയിച്ചിരുന്നുവെന്നും എന്നാൽ ടി വിവരങ്ങൾ വെളിപ്പെടുത്തുന്നതിൽ സമ്മതമുണ്ടെന്ന് ടി മൂന്നാം കക്ഷി അറിയിച്ച പ്രകാരം ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ടെന്നുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹർജിക്കാരന് വേണ്ടി ഹാജരായ ടിയാന്റെ പ്രതിനിധി ബോധിപ്പിച്ചത്, ഈ അവസരത്തിൽ ടിയാന്റെ പരാതി സംബന്ധിച്ച് യാതൊരു ആക്ഷേപവും പരാതിയും ഇല്ലെന്നാണ്. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020, മാർച്ച് 03–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

വിൻസൺ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

dp